പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5883

19-11-2019 ൽ മറുപടിക്ക്

## ആധുനിക വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്ന നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ്<br>ശ്രീ. പി.വി.അൻവർ<br>ശ്രീ.എം.നൗഷാദ്<br>ശ്രീ. സി. കൃഷ്ണൻ | | ശ്രീ. ഇ.പി. ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) പൊതുമേഖലാ വ്യവസായ രംഗത്തെ അഴിമതിക്കും അരാജകത്വ പ്രവണതക്കും അറുതിവരുത്തികൊണ്ട് സംസ്ഥാനത്തിന്റെ പൊതുമേഖല ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുക എന്ന ലക്ഷ്യത്തോടെ ആധുനിക വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നിവയ്ക്കായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയ്ക്ക് അനുയോജ്യമായ നൂതനമായ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ലാഭസാധ്യതയും വിപണന സാധ്യതയും ഉള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണവും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരളാ ആട്ടോമൊബൈൽസ് ലിമിറ്റഡിൽ ഇലക്ട്രിക് മുച്ചക്ര വാഹന നിർമ്മാണത്തിനുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. വെഹിക്കിൾ ട്രാക്കിംഗ് സംവിധാനം നടപ്പിലാക്കുന്ന പദ്ധതി യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡിൽ ആരംഭിച്ചു കഴിഞ്ഞു. ഇലക്ട്രിക് വാഹനങ്ങൾക്കായുള്ള |

ചാർജ്ജിംഗ് സംവിധാനങ്ങൾ മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ നിർമ്മാണ പദ്ധതികളും ആവിഷ്ക്കരിച്ചുവരുന്നു. വി.എസ്.എസ്.സി/ഐ.എസ്.ആർ.ഒ എന്നിവയ്ക്ക് സ്പേസ് ഇലക്ട്രോണിക്സുമായി ബന്ധപ്പെട്ട് അത്യന്താധുനിക സാങ്കേതിക വിദ്യയുടെ അടിസ്ഥാനത്തിലുള്ള ഉപകരണ സംവിധാനങ്ങളും, പ്രതിരോധമേഖലയ്ക്കും ആവശ്യമായ വളരെ കൃത്യതയോടെ നിർമ്മിക്കേണ്ട ഉപകരണങ്ങളുടെയും അനുബന്ധ ജോലികളും ചെയ്യുന്നതിനായി ഇലക്ട്രോണിക്സ്, എഞ്ചിനീയറിംഗ് മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി ബഡ്ജറ്റിൽ നിന്നും കൂടുതൽ ധനസഹായവും സർക്കാർ അനുവദിച്ചുവരുന്നുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓരോ മാസത്തേയും പ്രവർത്തനം അവലോകനം ചെയ്യുവരുന്നുണ്ട്. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ഇൻേറണൽ ആഡിറ്റ് സംവിധാനവും, സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനവും പ്രത്യേക അവലോകനത്തിന് വിധേയമാക്കി ഇവയുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പുവരുത്തുന്നതിനായി കൃത്യമായ അവലോകനം നടത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. ഓരോ സ്ഥാപനങ്ങളേയും പ്രത്യേകം പ്രവർത്തന അവലോകനത്തിനു വിധേയമാക്കുന്നതിനാൽ പ്രവർത്തന സംബന്ധമായ പല പ്രശ്നങ്ങൾക്കും സമയോചിതമായി തന്നെ പരിഹാരം കണ്ടെത്തുവാൻ കഴിഞ്ഞു.

| | |
|---|---|
| ബി) പരമ്പരാഗത മേഖലയിലെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും ഉത്പാദനക്ഷമത | ബി) പനമ്പ്, മുള, കരകൗശലം, കൈത്തൊഴിൽ, ഖാദി, എന്നീ പരാമ്പരാഗത വ്യവസായ മേഖലകളിൽ നവീനവൽക്കരണവും യന്ത്രവൽക്കരണവും മുഖേന |

| | | |
|---|---|---|
| | ഉയർത്തുന്നതിനും നടന്നുവരുന്ന നവീനവൽക്കരണവും യന്ത്രവൽക്കരണവും ഏതെല്ലാം മേഖലയിലാണെന്ന് അറിയിക്കാമോ ; ഇതുമൂലം പരമ്പരാഗത മേഖലക്കുണ്ടായിട്ടുള്ള നേട്ടങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | ഉൽപ്പാദനത്തോതും ക്ഷമതയും വർദ്ധിപ്പിച്ചിട്ടുണ്ട്. കെൽപാം മുഖേന ഒരു സെമി ആട്ടോമാറ്റിക് പെറ്റ് ബോട്ടിൽ യൂണിറ്റ്, സ്റ്റോറേജ് റൂം, ക്യൂസി ലാബ്, ചില്ലർ റൂം എന്നിവ സ്ഥാപിച്ചതിലൂടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിച്ചിട്ടുണ്ട്. കേരള ബാംബൂ കോർപ്പറേഷൻ മുഖേന ബാംബൂ ട്രീറ്റ്മെന്റ് പ്ലാന്റ്, കാർബണൈസേഷൻ പ്ലാന്റ്, ലൈവിലി ഹുഡ് ബിസിനസ് ഇൻകുബേറ്റർ, ബാംബൂ വേസ്റ്റ് പ്രൈമറിയൂണിറ്റ്, ഫർണ്ണിച്ചർ നിർമ്മാണ യൂണിറ്റ്, കോമൺ ഫെസിലിറ്റി സെന്റർ, ബാംബൂ വിൽപ്പന കേന്ദ്രങ്ങൾ, സാമൂഹ്യ യന്ത്രവൽകൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ എന്നിവ ആരംഭിച്ചതിലൂടെ മുള വ്യവസായ മേഖലക്ക് പുത്തൻ ഉണർവ് ലഭിച്ചിട്ടുണ്ട്.<br><br>യന്ത്രസാമഗ്രികളുടെ ആവിർഭാവത്തോടെ പരമ്പരാഗത കൈത്തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവരുടെ ജോലി സാദ്ധ്യതയിലുണ്ടായ കുറവ്, പൊതു സേവന കേന്ദ്രങ്ങൾ സ്ഥാപിച്ചും, പരിഹരിക്കുവാൻ ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ ഉൽപ്പാദനതോത് വർദ്ധിപ്പിച്ചും, പരിഹരിക്കുവാൻ കേരള ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിന് സാധ്യമായിട്ടുണ്ട്. വിവിധ ജില്ലകളിലായി ഒൻപതോളം ഡിസൈൻ ആന്റ് ടെക്നോളജി വർക്ക് ഷോപ്പുകൾ സ്ഥാപിച്ചതിലൂടെ ആർട്ടിസാൻമാർക്ക് പരിശീലനം നൽകുവാനും 110 പുതിയ പ്രോട്ടോടൈപ്പുകൾ നിർമ്മിക്കുവാനും വൈവിദ്ധ്യമായ ഉൽപ്പന്ന നിർമ്മാണത്തിനുള്ള പരിശീലനം പൊതു സേവന കേന്ദ്രത്തിലൂടെ നൽകുവാനും കേരള കരകൗശല വികസന കേർപ്പറേഷന് സാധിച്ചു.<br><br>ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, റെഡിമെയ്ഡ് വാർപ്പിംഗ്, വർക്ക്ഷെഡ് പദ്ധതി എന്നിവയിലൂടെ ഖാദിമേഖലയെ പരിപോഷിപ്പിക്കുവാൻ കേരള ഖാദി ഗ്രാമവ്യവസായ ബോർഡിന് കഴിഞ്ഞു. |
| സി) | പരമ്പരാഗത മേഖലയുടെ പഴമയും പ്രൗഢിയും നിലനിർത്തിക്കൊണ്ട് ഒരു ടൂറിസം പ്രോഡക്റ്റ് എന്ന | സി) കേരള ബാംബൂകോർപ്പറേഷൻ മുഖേന പരിസ്ഥിതി സൗഹൃദ റിസോർട്ട് നിർമ്മാണത്തിലൂടെ ടൂറിസം |

| | |
|---|---|
| നിലയിൽ കൂടി കണ്ടുകൊണ്ടുള്ള പശ്ചാത്തല വികസനം നടപ്പാക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിക്കുമോയെന്ന് വ്യക്തമാക്കാമോ? | പ്രോൽസാഹിപ്പിക്കുവാനും വിവിധതരം മുള ഉൽപ്പന്നങ്ങൾ ഉപയോഗിച്ച് പരമ്പരാഗത മേഖലയുടെ പഴമയും പ്രൗഢിയും നിലനിർത്തികൊണ്ട് ടൂറിസം പ്രോഡക്ട് എന്ന നിലയിൽ കൂടി കണ്ടുകൊണ്ടുള്ള പശ്ചാത്തല വികസനം സാധ്യമാകുമെന്നും പ്രതീക്ഷിക്കുന്നു. ആറന്മുള കണ്ണാടി പോലുള്ള കരകൗശല ഉൽപ്പന്നങ്ങൾ പാരമ്പര്യ തനിമ നിലനിർത്തുന്ന ടൂറിസം പ്രോഡക്ട് എന്ന നിലയിൽ വിപണനം നടത്തുവാൻ കേരള ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് ശ്രമിക്കുന്നു. മാന്നാർ, ചെങ്ങന്നൂർ, ആറന്മുള എന്നിവിടങ്ങളിലെ ബെൽ മെറ്റൽ ക്രാഫ്റ്റ് മേഖലയുടെ ഉന്നമനം ലക്ഷ്യമിട്ട്, മാന്നാർ ഹെറിറ്റേജ് വില്ലേജ് സ്ഥാപിക്കുവാൻ സാധിക്കുമെന്ന് കരുതുന്നു. കൂടാതെ കേരള കരകൗശല വികസന കോർപ്പറേഷൻ തിരുവനന്തപുരം അരുവിക്കരയിൽ ഒരു ക്രാഫ്റ്റ് വില്ലേജും അട്ടകുളങ്ങരയിൽ ഒരു മിനിക്രാഫ്റ്റ് വില്ലേജും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ